വിചാരണയിൽ ഇരിക്കുന്ന കേസുകൾ പിൻവലിക്കുന്നതിന്റെ മാന ദണ്ഡം

104(845)ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ചാർജ് ചെയ്ത് കോടതികളിൽ വിചാരണ നടക്കേണ്ട കേസുകൾ പിൻവലിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദ മാക്കുമോ;

(ബി) കേസ് പിൻവലിക്കുന്നത് സംബന്ധിച്ച നടപടിക്രമം വിശദീകരി ക്കുമോ;

(സി) കേസുകൾ പിൻവലിക്കുന്നതു സംബന്ധിച്ച സർക്കാർ നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ആരാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേസുകൾ പിൻവലിക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുന്ന തിന് മുമ്പ്, പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടു ത്തുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലിക്കേണ്ട നടപടിക്രമം പാലിക്കാതെ ഏതെങ്കിലും കേസ് പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(എഫ്) കണ്ണൂർ ജില്ലയിലെ ഏതെല്ലാം കേസുകൾ പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഏതെല്ലാം പിൻവലിക്കാൻ അനുമതി ലഭിച്ചു വെന്നും വിശദമാക്കുമോ;

(ജി) മുഖ്യമന്ത്രിയുടെ ഓഫീസിൽ ജോലി ചെയ്യുന്ന ആരുടെയെങ്കിലും പേരിൽ നിലവിലുണ്ടായിരുന്ന കേസ് പിൻവലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്രിമിൽ പ്രൊസിഡ്യുർ കോഡ്, സെക്ഷൻ 321 നു വിധേയമാ യും, പൊതുതാൽപ്പര്യം പരിഗണിച്ചും, കോടതികളുടെ അനുമതിയോടുകൂടി കേസുകൾ പിൻവലിക്കാൻ സർക്കാർ അനുവാദം നൽകാറുണ്ട്.

(ബി) കേസ് പിൻവലിക്കണമെന്ന ആവശ്യവുമായി സർക്കാരിൽ ലഭിക്കുന്ന നിവേദനങ്ങൾ പെർഫോമ റിപ്പോർട്ടിനായി അതാതു ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാർക്കും, സിറ്റിയുടെ പരിധിയിൽ വരുന്ന സ്റ്റേഷനിൽ ചാർജ് ചെയ്ത കേസുകളാണെങ്കിൽ അതത് സിറ്റിപോലീസ് കമ്മിഷണർക്കാർക്കും അയച്ചുകൊടുക്കുന്നു. പെർഫോമാ റിപ്പോർട്ട് ലഭിച്ച തിനുശേഷം കേസിന്റെ സ്വഭാവവും, പ്രത്യേകതയും വിലയിരുത്തി നിയമോപ ദേശവും തേടി, പൊതുതാൽപ്പര്യം പരിഗണിച്ച് പിൻവലിക്കുവാൻ, യോഗ്യമാ ണെന്ന് സർക്കാരിനു ബോദ്ധ്യപ്പെടുന്ന കേസുകൾ ക്രിമിനൽ പ്രൊസീഡിയർ കോഡിലെ സെക്ഷൻ 321-നു വിധേയമായും കോടതികളുടെ അനുമതി

LIBRARY ARCHIVES Kerala Legislative Assembly

യോടും പിൻവലിക്കുവാൻ സർക്കാരിന് വിരോധമില്ലെന്ന് കാണിച്ച്, അതാത് ജില്ലാകളക്ടർമാർക്ക് കത്ത് നൽകാറുണ്ട്. ഗവൺമെന്റ് പ്ലീഡർമാർ ഈകേസ്സുകൾ പിൻവലിക്കുന്നതിന് അനുമതി പത്രം കോടതികളിൽ സമർപ്പിക്കുന്നു. കോടതികളുടെ . അനുമതി ലഭിച്ചതിനുശേഷം മാത്രമേ പിൻവലിക്കാൻ പ്രക്രിയ പൂർത്തിയാകുന്നുള്ളൂ.

(സി) ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

(ഡി) ചോദ്യത്തിന്റെ ബി വിഭാഗത്തിനു നൽകിയ മറുപടികൾ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 173 കേസുകളുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(ജി) മുഖ്യമന്ത്രിയുടെ ആഫീസിൽ ജോലിചെയ്യുന്ന ആരിൽ നിന്നും കേസ് പിൻവലിക്കാൻ അപേക്ഷ ലഭിച്ചിട്ടില്ല.

പബ്ലിക് പ്രോസിക്യൂട്ടർ തുടർച്ചയായി കേസ് മാറ്റി വയ്പിക്കുന്നതായി പരാതി

105(846) ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വലിത്തല സഹകരണ ബാങ്കിൽ കൊപ്രകച്ചവടം സംബന്ധിച്ച് തൊടുപുഴ കോടതിയിൽ നിലവിലുള്ള സി.ഡി. 358/96 നംപർ കേസിന്റെ വിചാരണയ്ക്ക് തുടർച്ചയായി പബ്ലിക് പ്രോസിക്യൂട്ടർ അവധി ആവശ്യപ്പെട്ട് കേസ് മാറ്റി വയ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി സർക്കാരിനുവേണ്ടി ഹാജരാകുന്ന പബ്ലിക് പ്രോസിക്യൂട്ടറോട് കേസ് തുടർച്ചയായി മാറ്റി വയ്ക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കേസിൽ സർക്കാരിനുവേണ്ടി ഹാജരാകുന്ന പബ്ലിക് പ്രോസിക്യൂട്ടർ ആരാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

പിൻവലിക്കാൻ അനുമതി നൽകാത്ത കേസുകൾ

106(847) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കോടതികളിൽ നിലവിലിരുന്ന കേസുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും അവ പിൻവലിക്കുവാൻ കോടതികൾ അനുമതി നൽകാത്ത കേസുകളിൽ എത്ര എണ്ണത്തിൽ ബന്ധപ്പെട്ട പ്രതികൾ ശിക്ഷിക്കപ്പെട്ടു;

LIBRARY ARCHIVES Kerala Legislative Assembly